പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.342      28.11.2018 ൽ മറുപടിയ്ക്ക്

# അംഗപരിമിതർക്കായുള്ള പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കെ. ഹരീന്ദ്രൻ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) അംഗപരിമിതർക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;<br><br>(ബി) ഓരോ പദ്ധതിക്കും അപേക്ഷ സമർപ്പിക്കേണ്ട രീതിയും ആയതിലേക്കായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) & (ബി)<br>അംഗപരിമിതർക്കായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അവയുടെ മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു. ഭിന്നശേഷിക്കാർക്കുള്ള എല്ലാ പദ്ധതികളുടെയും ഇംപ്ലിമെന്റേഷൻ ഓഫീസർ ജില്ലാ സാമൂഹ്യനീതി ഓഫീസറാണ്. അതിനാൽ ടി പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷാ ഫോമുകൾ ജില്ലാ സാമൂഹ്യനീതി ഓഫീസ് മുഖേനയും വകുപ്പിന്റെ വെബ്സൈറ്റായ www.sjd.kerala.gov.in ലും ലഭ്യമാണ്.<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഭിന്നശേഷിക്കാർക്കായി നടപ്പിലാക്കി വരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും അപേക്ഷാ ഫോറം എടുത്ത് പൂരിപ്പിച്ച് അതിൽ പറഞ്ഞിരിക്കുന്ന രേഖകൾ സഹിതം കോർപ്പറേഷനിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. ആയതിലേയ്ക്കായി 40% ഭിന്നശേഷിത്വം, വരുമാന പരിധി 1 ലക്ഷമോ അതിൽ താഴെയോ എന്നതുമാണ് എല്ലാ പദ്ധതിയിലേയ്ക്കും അപേക്ഷ സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള പൊതുവായ മാനദണ്ഡങ്ങൾ. ഓരോ പദ്ധതിയ്ക്കുമുള്ള പ്രത്യേക മാനദണ്ഡങ്ങൾ അനുബന്ധം II ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനും, നേരത്തേ കണ്ടെത്തുന്ന തിനും, അനുയോജ്യമായ ഇടപെടലുകൾ നടത്തുന്നതിനും, പുനരധിവസിപ്പിക്കുന്നതിനുമായി **അനുയാത്ര** എന്ന പേരിൽ ഒരു സമഗ്ര പദ്ധതി നടപ്പാക്കി വരുന്നു. ഈ പദ്ധതി പ്രകാരം അംഗപരിമിതരായ വ്യക്തികൾക്ക് പ്രത്യേക അപേക്ഷ കൂടാതെ തന്നെ സേവനങ്ങൾ ലഭ്യമാക്കാവുന്നതാണ്. (അനുയാത്രയുടെ പ്രവർത്തനങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു). അനുയാത്ര |

| | | |
|---|---|---|
| | | യുടെ ഭാഗമായി നടത്തി വരുന്ന പ്രവർത്തനങ്ങളുടെ സേവനങ്ങൾ ലഭ്യമാക്കാൻ പ്രത്യേക അപേക്ഷ ആവശ്യമില്ല.<br>കൂടാതെ കേരള സാമൂഹ്യ സുരക്ഷാമിഷന്റെ 'ആശ്വാസകിരണം' പദ്ധതി പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്നവരെ പരിചരിക്കുന്നവർക്കും, കിടപ്പ് രോഗികളായ അംഗപരിമിതരെ പരിചരിക്കുന്നവർക്കും പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.<br>ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട രീതിയും ചുവടെ ചേർക്കുന്നു.<br>ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം ഉള്ളവർ, മാനസികരോഗികൾ എന്നിവർക്ക് പുറമേ പ്രായാധിക്യം കൊണ്ടും, ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലാകുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള മുഴുവൻ ആളുകളുടേയും പരിചാരകർക്കും, 100%, അന്ധരായവരെ പരിചരിക്കുന്നവർക്കും ആശ്വാസകിരണം പദ്ധതി പ്രകാരം പ്രതിമാസം 600/- രൂപ നിരക്കിൽ ധനസഹായം അനുവദിച്ചുവരുന്നു.രോഗിയുടെ കുടുംബ വാർഷിക വരുമാനം പഞ്ചായത്ത് പ്രദേശങ്ങളിൽ ഉള്ളവർക്ക് 20,000/- രൂപയിലും, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ ഉൾപ്പെട്ടവർക്ക് 22,375/- രൂപയിലും അധികരിക്കാൻ പാടില്ല.<br>ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യം എന്നിവ ബാധിച്ചവരെ വരുമാന പരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് ആശ്വാസകിരണം പദ്ധതിയുടെ അപേക്ഷഫോറം എല്ലാ ഐ.സി.ഡി.എസ് ഓഫീസുകളിലും ലഭ്യമാണ്. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ്സൈറ്റിലും ലഭ്യമാണ്. സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ എന്നിവരുടെ ശുപാർശ സഹിതമാണ് അപേക്ഷകൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

## സാമൂഹ്യനീതി വകുപ്പ്
## അംഗപരിമിതർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

1. **പരിരക്ഷാ പദ്ധതി**

അടിയന്തിര സാഹചര്യം നേരിടേണ്ടി വരുന്ന അംഗപരിമിതർക്ക് സഹായം നൽകുന്നതിനുള്ള പദ്ധതി.

**പ്രത്യേകതകൾ**

- അപകടങ്ങൾ, ആക്രമണങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവയ്ക്കിരയാകുന്ന അംഗപരിമിതർക്ക് അടിയന്തിര സഹായം.
- ആശ്രയമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്നവരെ ക്ഷേമ സ്ഥാപനങ്ങളിലെത്തിക്കുന്നു.
- അടിയന്തിര സഹായമായതിനാല് വരുമാന പരിധി ഒഴിവാക്കിയിട്ടുണ്ട്. 25000/- രൂപ വരെ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് വിനിയോഗിക്കാവുന്നതാണ്. ആയതിനു മുകളിലുള്ള തുക വിനിയോഗിക്കുന്നതിന് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമാക്കിയിരിക്കേണ്ടതാണ്.

2. **സ്വാശ്രയ പദ്ധതി**

തീവ്ര മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്ന മാതാവിന്/രക്ഷിതാവിന് (സ്ത്രീകൾ) സ്വയം തൊഴിൽ ധനസഹായം.

**പ്രത്യേകതകൾ**

- ഒറ്റത്തവണ ധനസഹായം – 35,000/- രൂപ
- ഒരു ജില്ലയിൽ ഒരു വർഷം പരമാവധി 15 പേർക്ക് അനുവദിക്കുന്നു.
- വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന നൽകുന്നതാണ്.

3. **മാതൃജ്യോതി പദ്ധതി**

കാഴ്ച വൈകല്യം ബാധിച്ച അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി ധനസഹായം നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

- മാസം 2000/- രൂപ ക്രമത്തില് 24 മാസം വരെ ധനസഹായം.
- ഒരു ലക്ഷം രൂപ വരെ വരുമാന പരിധി.

4. **വികലാംഗ ദുരിതാശ്വാസ നിധി ചികിത്സാ ധനസഹായം**

അംഗപരിമിതർക്ക് ചികിത്സയ്ക്കായി ധനസഹായം നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

- ഒറ്റത്തവണ ധനസഹായം പരമാവധി 5000/- രൂപ

AN

- വരുമാന പരിധി – ഗ്രാമങ്ങളില് 20,000/-
  നഗരങ്ങളിൽ - 24,000/-
- ചികിത്സയിലാണെന്നുള്ള ഡോക്ടർ സർട്ടിഫിക്കറ്റ് ആവശ്യമാണ്.

5. **പരിണയം**

അംഗപരിമിതരായ പെൺകുട്ടികൾക്കും അംഗപരിമിതരായ മാതാപിതാക്കളുടെ പെൺമക്കൾക്കും വിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി.

**പ്രത്യേകതകൾ**

- ഒറ്റത്തവണ ധനസഹായം – 30,000/- രൂപ
- വിവാഹത്തിന് ഒരു മാസം മുൻപ് അപേക്ഷ സമർപ്പിക്കണം.
- വരുമാന പരിധി – 36,000/- രൂപ

6. **വിദ്യാജ്യോതി പദ്ധതി**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അംഗപരിമിതരായ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ, യൂണിഫോം എന്നിവയ്ക്കുള്ള ധനസഹായം.

**പ്രത്യേകതകൾ**

- ഒൻപതാം ക്ലാസ്സ് മുതല് PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം.
- വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.
- സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്നവർ അപേക്ഷിച്ചാൽ മതി.
- BPL വിദ്യാർത്ഥികൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.

7. **വിദ്യാകിരണം പദ്ധതി**

അംഗപരിമിതരായ രക്ഷകർത്താക്കളുടെ (മാതാവ്/പിതാവ്/രണ്ടു പേരും) മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം.

**പ്രത്യേകതകൾ**

- കുട്ടികളെ നാല് വിഭാഗമായി തിരിച്ച് ഒരു അധ്യയന വർഷം 10 മാസത്തേയ്ക്ക് ധനസഹായം നൽകുന്നു.
- വൈകല്യ തോത് കൂടുതലുള്ളവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
- 1-5 വരെ 300/Month
  6-10 വരെ 500/Month
  +1, +2, IT തത്തുല്യ കോഴ്സുകൾ - 750/Month
  Degree, PG Poly technic – 1000/ month
- വരുമാന പരിധി – ഒരു ലക്ഷം രൂപ
- വിദ്യാലയ മേധാവി മുഖാന്തിരം ആവശ്യമായ രേഖകൾ സഹിതം പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷ ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

8. **ഭിന്നശേഷി കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി**

ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പിജി കോഴ്സുകൾക്ക പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി.

**പ്രത്യേകതകൾ**

- വരുമാന പരിധി – 36,000/- രൂപ
- വിദ്യാലയ മേധാവി മുഖാന്തിരം ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം.

| ശ്രേണി | ദിവസ വിദ്യാർത്ഥികൾക്ക് | ഹോസ്റ്റല് വിദ്യാർത്ഥികൾക്ക് | റീഡേഴ്സ് അലവൻസ് (അന്ധ വിദ്യാർത്ഥിയ്ക്ക്) |
|---|---|---|---|
| 1-4 | 300/- | - | 200/- |
| 5-10 | 500/- | - | 200/- |
| +I, +2, IT തത്തുല്യ കോഴ്സ് | 750/- | 1000/- | 300/ |
| ഡിഗ്രി, പോളിടെക്നിക്, തത്തുല്യ കോഴ്സുകൾ | 1000/- | 1500/- | 400/- |
| പിജി കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകള് | 1000/- | 1500/- | 400/- |

9. **കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റമാർക്ക് റീഡേഴ്സ് അലവൻസ് നൽകുന്ന പദ്ധതി**

വാർഷിക വരുമാനം ഒരു ലക്ഷം രൂപവരെയുള്ള കാഴ്ച വൈകല്യമുള്ള അഡ്വക്കേറ്റമാർക്ക് എക്സ്ഗ്രേഷ്യാ അലവൻസും വായനാ സഹായി അലവൻസും അനുവദിക്കുന്ന പദ്ധതി.

**പ്രത്യേകതകൾ**

- എക്സ്ഗ്രേഷ്യാ അലവൻസ് – 3000/- രൂപ (ഒറ്റത്തവണ)
  വായനാ സഹായി അലവൻസ് – 4000/Month
- 8 വർഷം വരെ ധനസഹായം.
- ഫുൾടൈം റീഡർ അസിസ്റ്റന്റ് ഉണ്ടെന്നുള്ള കോടതിയിലെ പ്രിസൈഡിംഗ് ഓഫീസറുടെ സാക്ഷ്യപത്രം.
- യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.
- വായനാ സഹായി SSLC പാസ്സായിരിക്കണം.

10. **സഹായ ഉപകരണ വിതരണ പദ്ധതി**

അംഗപരിമിതരുടെ കൃത്യ നിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാനുതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതി.

<u>പ്രത്യേകതകൾ</u>

- വരുമാന പരിധി ഒരു ലക്ഷം രൂപ
- അപേക്ഷകൻ ആവശ്യപ്പെടുന്ന സഹായ ഉപകരണം ഉപയോഗിക്കുന്നതിന് അപേക്ഷകന് പ്രാപ്തിയുണ്ടെന്നുള്ള മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം.
- സർക്കാർ/സർക്കാർ ഇതര സ്ഥാപനങ്ങളിൽ നിന്നും ഒരു തവണ ഉപകരണം ലഭിച്ചവർ ടി പദ്ധതി പ്രകാരം അർഹരല്ല.

11. **<u>ഭിന്നശേഷിക്കാർക്ക് തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി</u>**

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താംക്ലാസ് പന്ത്രണ്ടാം ക്ലാസ് പരീക്ഷ എഴുതുന്നതിന് ധനസഹായം നൽകുന്ന പദ്ധതി.

<u>പ്രത്യേകതകൾ</u>

- പരീക്ഷാ ഫീസ് – കോഴ്സ് ഫീസ് എന്നിവ നൽകുന്നു.
- സാക്ഷരതാ മിഷൻ മുഖേന നടപ്പിലാക്കുന്നു.
- വരുമാന പരിധി നിശ്ചയിച്ചിട്ടില്ല.

12. **<u>വ്യക്തിഗത പരിപാലന പദ്ധതി</u>**

ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കുന്നതിന് വിവര ശേഖരണം നടത്തുന്ന പദ്ധതി.

- ഇതിലൂടെ ഓരോ ഭിന്നശേഷിക്കാരന്റെയും വ്യക്തിഗത ആവശ്യങ്ങൾ മനസ്സിലാക്കി അതിലൂടെ അവർക്കനുയോജ്യമായ പദ്ധതികൾ രൂപീകരിക്കുന്നു.
- തെരഞ്ഞെടുത്ത അങ്കണവാടി പ്രവർത്തകർ മുഖേന വിവരങ്ങൾ ശേഖരിച്ച് അനുബന്ധ വകുപ്പുകൾ മുഖേന പദ്ധതി നടപ്പാക്കുന്നതാണ്.

13. **<u>ബാരിയർ ഫ്രീ കേരള</u>**

സംസ്ഥാനത്തെ എല്ലാ പൊതു കെട്ടിടങ്ങളും അംഗപരിമിത സൗഹൃദമാക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- കണ്ണൂർ ജില്ലയെ സമ്പൂർണ്ണ അംഗപരിമിത സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.
- മലപ്പുറം, വയനാട് ജില്ലകളെ കൂടി സമ്പൂർണ്ണ അംഗപരിമിത സൗഹൃദ ജില്ലകളായി കാലതാമസം കൂടാതെ പ്രഖ്യാപിക്കുന്നതാണ്.
- മറ്റു ജില്ലകളിലെ പൊതു കാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

14. **നിരാമയ പദ്ധതി**

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷുറൻസ് നൽകുന്നതിനുള്ള പദ്ധതി.

- നാഷണൽ ട്രസ്റ്റ് രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നടപ്പിലാക്കുന്ന സ്കീമുകളിൽ പ്രധാനപ്പെട്ട ഒന്നാണ് നിരാമയ ഇൻഷുറൻസ് സ്കീം.
- ഒരു ലക്ഷം രൂപ വരെ വാർഷിക ചികിത്സാ ചെലവ് ലഭിക്കുന്നു.
- പദ്ധതിയിൽ ചേരുന്നതിന് ബി.പി.എൽ വിഭാഗം 250 രൂപയും, എ.പി.എൽ വിഭാഗം 500 രൂപയും പ്രീമിയം തുക അടക്കണം.
- കേരളത്തിൽ ഈ പ്രീമിയം തുക സംസ്ഥാന സർക്കാർ സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ വഴി അടക്കുന്നു.
- എല്ലാ വർഷവും എപ്രിൽ 1 മുതൽ മാർച്ച് 31 വരെയാണ് പദ്ധതി കാലാവധി.
- എല്ലാ വർഷവും പോളിസി പുതുക്കണം. പുതുക്കുന്നതിന് ബി.പി.എൽ വിഭാഗം 50 രൂപയും, എ.പി.എൽ വിഭാഗം 250 രൂപയും പ്രീമിയം തുക അടക്കണം. ഈ തുകയും കേരളത്തിൽ സംസ്ഥാന സർക്കാർ തന്നെയാണ് അടക്കുന്നത്.

15. **പുനർജ്ജനി പദ്ധതി**

അട്ടപ്പാടി ബ്ലോക്കിലെ മാനസികരോഗ ബാധിതരെ പുനരധിവസിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പദ്ധതി.

- പുനർജ്ജനി എന്ന പേരിൽ ക്ഷേമ കേന്ദ്രം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.
- ആരോഗ്യ വകുപ്പ്, പട്ടിക വർഗ്ഗ വികസന വകുപ്പ്, നാഷണൽ ഹെൽത്ത് മിഷൻ എന്നീ വകുപ്പുകളുടെ സഹകരണത്തോടെ നടത്തുന്നു.
- പാലക്കാട് നിർമ്മിതി കേന്ദ്ര മുഖേന കെട്ടിട നവീകരണ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നു.

16. **സ്റ്റീഫൻ ഹോക്കിങ്സ് സെന്റർ ഫോർ എക്സലൻസ് (SHCE)**

കലാകായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള അംഗപരിമിതരായ കുട്ടികൾക്ക് മികച്ച രീതിയിൽ പഠന സാധ്യതകൾ ഉറപ്പു വരുത്തുന്നതിനുള്ള പദ്ധതി.

- NISH/NIPMR ആസ്ഥാനമാക്കി പ്രവർത്തനമാരംഭിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്.

17. **നാഷണൽ ട്രസ്റ്റ് ലീഗൽ ഗാർഡിയൻഷിപ്പ്**

- ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, മൾട്ടിപ്പിൾ ഡിസെബിലിറ്റി എന്നിവ ബാധിച്ച വ്യക്തികളുടെ ക്ഷേമത്തിനായുള്ള നിയമം.

- ഇത്തരം വ്യക്തികളെ കഴിയുന്നത്ര സ്വന്തം കുടുംബങ്ങൾക്കുള്ളിൽ തന്നെ ജീവിക്കാൻ സഹായിക്കുന്നതിന് സൗകര്യങ്ങൾ ഒരുക്കുക.
- നിയമപരമായ രക്ഷാകർതൃത്വം (ലീഗൽ ഗാർഡിയൻഷിപ്പ്) നൽകുന്നതിന് നടപടി സ്വീകരിക്കുക.
- നിയമപരമായ രക്ഷാകർത്താവിനെ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.
- ഇത്തരം വ്യക്തികളുടെ സ്വത്തിന് സംരക്ഷണം നൽകുക.
- രജിസ്റ്റർ ചെയ്ത സംഘടനകൾ വഴി നാഷണൽ ട്രസ്റ്റിന്റെ വിവിധ സ്കീമുകൾ നടപ്പിലാക്കുക

<u>നിയമപരമായ രക്ഷാകർതൃത്വം</u>

- കുട്ടിക്ക് 18 വയസ്സാകുന്നതു വരെ എല്ലാ രക്ഷിതാക്കളും അവരുടെ കുട്ടികളുടെ നിയമപരമായ രക്ഷിതാക്കളായിരിക്കും.
- നാഷണൽ ട്രസ്റ്റ് വൈകല്യങ്ങളുള്ള വ്യക്തികൾക്ക് 18 വയസ്സ് കഴിഞ്ഞാലും നിയമപരമായ തീരുമാനങ്ങൾ കൈകൊള്ളുന്നതിന് പ്രാപ്തരാണെന്ന് കരുതുന്നില്ല.
- ഇവരുടെ സ്വത്ത് സംബന്ധമായും മറ്റുമുള്ള കാര്യങ്ങളിൽ ഇവരെ പ്രതിനിധീകരിക്കുന്നതിന് നിയമപരമായ രക്ഷാകർതൃത്വം അനുവദിച്ച് നൽകേണ്ടിയിരിക്കുന്നു.
- ജില്ലാ കളക്ടർ ചെയർമാനായ നാഷണൽ ട്രസ്റ്റിന്റെ ലോക്കൽ ലെവൽ കമ്മറ്റിക്കാണ് ഇത് നൽകുന്നതിനുള്ള അധികാരം.

18. <u>അംഗപരിമിത നിയമനം</u>

PWD Act 1995-ൽ നിഷ്കർഷിച്ചിട്ടുള്ളതു പ്രകാരം സർക്കാര് സർവ്വീസില് 3% സംവരണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

- 2677 സൂപ്പർന്യൂമററി തസ്തികകള് സൃഷ്ടിച്ച് താൽക്കാലിക അടിസ്ഥാനത്തില് വിവിധ വകുപ്പുകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള 2131 അംഗപരിമിതർക്ക് സ്ഥിര നിയമനം നൽകിയിട്ടുണ്ട്.

19. <u>അംഗപരിമിതർക്കുള്ള ദിനാചരണവും സംസ്ഥാന അവാർഡ് വിതരണവും</u>

എല്ലാ വർഷവും ഡിസംബർ 3-ന് അംഗപരിമിത ദിനമായി ആചരിച്ച് വരുന്നു.

- ജില്ലാതലത്തിൽ അംഗപരിമിതർക്കായി കായിക മേളയും, കലാപരിപാടികളും സംഘടിപ്പിക്കുന്നു.
- കൂടാതെ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഒരു ജില്ലയിൽ സംസ്ഥാനതല ആഘോഷങ്ങൾ സംഘടിപ്പിക്കുന്നു.
- ടി ദിവസം അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡ് വിതരണം ചെയ്യുന്നു.

- മികച്ച അംഗപരിമിത ജീവനക്കാർ, അംഗപരിമിത സേവനം നടത്തുന്ന മികച്ച സ്ഥാപനങ്ങൾ, കൂടുതൽ അംഗപരിമിതർക്ക് ജോലി നൽകുന്ന മികച്ച സ്ഥാപനങ്ങള് എന്നീ മേഖലകളിലാണ് അവാർഡ് നൽകുന്നത്.

20. **സർക്കാർ തൊഴില് പരിശീലന കേന്ദ്രങ്ങള്**

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടുമായി ഭിന്നശേഷിക്കാരുടെ രണ്ട് തൊഴിൽ പരിശീലന കേന്ദ്രങ്ങള് പ്രവർത്തിക്കുന്നു.

- ടി സ്ഥാപനങ്ങൾ മുഖേന, ഭിന്നശേഷിക്കാർക്ക് ബുക്ക് ബൈൻഡിംഗ്, ലെതർ വർക്സ്, ഗാർമെന്റ് മേക്കിംഗ് എന്നിവയില് പരിശീലനം നൽകി വരുന്നു.
- ഇതോടൊപ്പം കെൽട്രോണ് നടത്തുന്ന DCA-DTP കോഴ്സുകളിലും പരിശീലനം നൽകുന്നു.
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പരിശീലനാർത്ഥികൾക്ക് സ്റ്റൈപന്റ് അനുവദിക്കുന്നു.

21. **വൈകല്യമുള്ളവർക്കായുള്ള സർക്കാർ സ്ഥാപനങ്ങൾ**

1. **ആശാഭവൻ (6 എണ്ണം)**

   മാനസിക രോഗ മുക്തരും സംരക്ഷിക്കുവാൻ ആരുമില്ലാത്തവർക്കും വേണ്ടിയുള്ളത്. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനങ്ങൾ.

2. **പ്രത്യാശാ ഭവൻ (1 എണ്ണം)**

   ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ സ്ത്രീകളെ സംരക്ഷിക്കുന്നു.

3. **പ്രതീക്ഷാ ഭവൻ (1 എണ്ണം)**

   ബുദ്ധി വൈകല്യമുള്ള പ്രായപൂർത്തിയായ പുരുഷൻമാരെ സംരക്ഷിക്കുന്നു.

4. **ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രന് (1)**

   ബുദ്ധിമാന്ദ്യമുള്ള 4-നും 16-നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയില് പ്രവർത്തിക്കുന്ന സ്ഥാപനം.

5. **വൃദ്ധ വികലാംഗ സദനങ്ങൾ (3 എണ്ണം)**

   ഭിന്നശേഷിയുള്ള മുതിർന്ന പൗരൻമാരെ സംരക്ഷിക്കുന്നതിനായിട്ടുള്ള സ്ഥാപനം. സ്ത്രീകൾക്കും പുരുഷൻമാർക്കും വെവ്വേറെ സ്ഥാപനം.

6. **ബാല വികലാംഗ സദനങ്ങൾ (2 എണ്ണം)**

   ഭിന്നശേഷിയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിനും, ഇവർക്ക് വിദ്യാഭ്യാസം, വൈദ്യ സഹായം എന്നിവ നൽകുന്നതിനുമായി പ്രവർത്തിക്കുന്ന സ്ഥാപനം.

22. <u>സർക്കാർ സഹായം എൻ.ജി.ഒ.കൾ/മറ്റ് ഏജൻസികള് മുഖേന</u> നടത്തുന്ന സർക്കാര് അംഗീകാരമുള്ള അംഗപരിമിത ക്ഷേമ പ്രവർത്തനങ്ങള് സർക്കാരിതര സ്ഥാപനങ്ങൾക്കും, ഏജൻസികൾക്കും സാമ്പത്തിക സഹായം നൽകുന്നു.

- ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നത് NIDAS പ്രോജക്ട് NISH മുഖേന നടപ്പിലാക്കുന്നു.
- വിവര സാങ്കേതിക വിദ്യയിലൂടെ ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിന്, കമ്പ്യൂട്ടർ പരിശീലനം, കൂടാതെ തൊഴിൽ പരിശീലനം, ഒക്കുപേഷണൽ തെറാപ്പി എന്നിവ നൽകുന്നതിന് വിവിധ എൻ.ജി.ഒ.കൾക്ക് ധനസഹായം നൽകുന്നു.
- വയനാട് ജില്ലയിലെ ആദിവാസി വിഭാഗങ്ങളുടെ മാനസികാരോഗ്യ പരിപാലനത്തിനായി കോഴിക്കോട് IMHANS മുഖേന Mobile Mental Health Centre പ്രോജക്ട് നടപ്പിലാക്കുന്നു.
- മാനസിക രോഗ ബാധിതർക്കായി കോഴിക്കോട് IHMAHNS മുഖേനയും മാനസിക വെല്ലുവിളി നേരിടുന്നവർക്കായി ആദർശ് ചാരിറ്റബിള് ട്രസ്റ്റ് എറണാകുളം, ഫെയ്ത്ത് ഇന്ത്യ പാലക്കാട് എന്നിവ മുഖേനയും ഡെ കെയര് സെന്ററുകള് നടപ്പാക്കുന്നു.
- ബുദ്ധി വികാസ വൈകല്യം നേരിടുന്നതിനായി നേരത്തെയുള്ള ഇടപെടൽ, ചികിത്സ, പുനരധിവാസം, തൊഴിൽ പരിശീലനം, ബോധവൽക്കരണം എന്നിവയ്ക്കായി കാലിക്കറ്റ് സർവ്വകലാശാല സൈക്കോളജി വിഭാഗം CDMRP എന്ന പദ്ധതി നടപ്പിലാക്കുന്നു.
- തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ശ്രീ. ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജി Growing Beyond Barriers Epilepsy Care through Schools എന്ന പദ്ധതി നടപ്പിലാക്കുന്നു.
- മലപ്പുറം ജില്ലയിലെ സ്കൂളുകളിൽ (510) പഠനം നടത്തി Learning Disability, ADHB എന്നിവ ഉള്ളവർക്ക് പരിചരണം നൽകുന്നതിനായി കാലിക്കറ്റ് യൂണിവേഴ്സിറ്റി സൈക്കോളജി വിഭാഗം Early Identification and community Based Intervention Programme for Children with Hearing Disability and ADHD എന്ന പദ്ധതി നടപ്പിലാക്കുന്നു.
- കോഴിക്കോട്, മലപ്പുറം ജില്ലകളിലെ ക്ഷേമ സ്ഥാപനങ്ങളിലെ (വനിതാ ശിശു വികസന വകുപ്പിലെ സ്ഥാപനങ്ങൾ ഉൾപ്പെടെ) അന്തേവാസികൾക്ക് കൗൺസിലിംഗ് നൽകുന്ന പദ്ധതി കോഴിക്കോട് IMHANS മുഖേന നടപ്പിലാക്കുന്നു.
- മുച്ചിറി, മുറി അണ്ണാക്ക് എന്നീ മുഖ വൈകല്യത്തോടു കൂടി ജനിക്കുന്ന കുട്ടികൾക്ക് പത്തനംതിട്ട സെന്റ് തോമസ് മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റല് സൗജന്യ ശസ്ത്രക്രിയ

നടത്തുന്നു. ഇത്തരം കുട്ടികളെ കണ്ടെത്തുന്നതിനും, ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും, ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന കുട്ടികളെ അനുഗമിക്കുന്ന ബൈസ്റ്റാൻഡേഴ്സിന് യാത്രാ ചെലവ് നൽകുന്നതിനും വകുപ്പ് ധനസഹായം നൽകി വരുന്നു.

- മാനസിക വെല്ലുവിളി നേരിടുന്നവർക്ക് Corrective Surgery നടത്തുന്നതിനും അംഗപരിമിതരെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി മറ്റ് ക്ഷേമ പരിപാടികൾ സംഘടിപ്പിക്കുന്നതിനുമായി VKM ട്രസ്റ്റ് മുഖേന മൊബിലിറ്റി മിഷന് എന്ന പദ്ധതി നടപ്പാക്കുന്നു.
- തിരുവനന്തപുരം ആസ്ഥാനമായുള്ള മെറ്റബോളിക് ഡിസോർഡർ റിസർച്ച് സെന്ററിന്റെ പ്രവർത്തനങ്ങൾക്കായി ധനസഹായം അനുവദിച്ച് വരുന്നു.
- വീൽ ചെയറില് കഴിയുന്നവർക്ക് വീട്ടിലിരുന്ന് സ്വയം തൊഴില് ചെയ്ത് വരുമാനം കണ്ടെത്തുന്നതിനായി All Kerala Wheel Chair Rights Federation എന്ന സംഘടനയ്ക്ക് ധനസഹായം അനുവദിക്കുന്നു.
- മാനസിക രോഗമുള്ളവരും, രോഗം ഭേദമായിട്ടും ബന്ധുക്കൾ ഏറ്റെടുക്കാത്തതുമായ ആളുകളെ പുനരധിവസിപ്പിക്കുന്ന സർക്കാര് അംഗീകൃത സ്ഥാപനങ്ങൾക്ക് സൈക്കോ സോഷ്യൽ ഗ്രാന്റ് ഇന്-എയ്ഡ് അനുവദിച്ച് വരുന്നു.

**അനുബന്ധം II**

## കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

## പൂജപ്പുര, തിരുവനന്തപുരം

## നടപ്പിലാക്കി വരുന്നതും, നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ

(Website: www.hpwc.kerala.gov.in)

1. **ശുഭയാത്ര**
   - ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ശബ്ദാനുസരണ സോഫ്റ്റ് വെയറുള്ള ലാപ്പ്ടോപ്പ്, എന്നിവപോലുള്ള ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടെയും സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം
   - വൈകല്യമുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം,
   - മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി
   - ഭിന്നശേഷിക്കാർക്കായുള്ള ബഹുജനാവബോധന പരിപാടി
   - എം.ആർ.എസ്.റ്റി വർക്ക്ഷോപ്പ് ശക്തിപ്പെടുത്തൽ

2. **ആശ്വാസം പദ്ധതി**
   - സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി),സ്വയം സഹായ സംഘങ്ങൾക്കുള്ള സഹായം
   - ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ് മാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)
   - എൻ.എച്ച്.എഫ്.ഡി.സി വായ്പയുടെ കോർപ്പറേഷന്റെ വിഹിതം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് എൻ.എച്ച്.എഫ്.ഡി.സി ലോണിനായുള്ള സബ്സിഡി

3. **ഹസ്തദാനം പദ്ധതി**
   - ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്
   - ഗുരുതരമായ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി
   - സ്റ്റേറ്റ് റിസോഴ്സ് സെന്റർ

4. **ഒപ്പം പദ്ധതി**
   - പാറശ്ശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം
   - ഉപകരണ ഷോറൂമുകൾ

I. **ശുഭയാത്ര**

1. **ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ശബ്ദാനുസരണ സോഫ്റ്റ് വെയറുള്ള ലാപ്പ്ടോപ്പ്, എന്നിവപോലുള്ള ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് ആധുനിക സാമഗ്രികളുടെയും സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം**

ഈ പദ്ധതിയനുസരിച്ച് 1,00,000/- രൂപയിൽ താഴെ പ്രതിവർഷ വരുമാനമുള്ള ഭിന്നശേഷിക്കാർക്ക് സഹായോപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നു. ഓരോ മൂന്ന് വർഷത്തിലൊരിക്കലാണ് വൈകല്യമുള്ളവർക്ക് സഹായോപകരണങ്ങൾ നൽകി വരുന്നത്. കൂടാതെ ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ, ലാപ്ടോപ്

സഹായോപകരണങ്ങൾ വീൽചെയർ, മൂന്നുവീൽ സൈക്കിൾ, ആർട്ടിഫിഷ്യൽ ലിംബുകൾ, കാലിപ്പർ, ശ്രവണ സഹായി, ഡി.വി.ഡി.പ്ളെയറുകൾ, കുടലിൽ ക്യാൻസർ ബാധിച്ചവർക്കുള്ള കൊളോസ്റ്റമി ബാഗുകൾ, വൈറ്റ്കെയിൻ, കുട്ടികൾക്കുള്ള സി.പി.ചെയറുകൾ, .വാക്കർ മുതലായവ കോർപ്പറേഷനിൽ നിന്നും നൽകി വരുന്നു. ഗുണഭോക്താക്കൾക്ക് 10000/-രൂപ വരെയുള്ള ഉപകരണങ്ങളാണ് സർക്കാർ ഡോക്ടർമാർ നിർദ്ദേശിക്കുന്ന പ്രകാരം നൽകുന്നത്. ഗവൺമെന്റ് ഡോക്ടർമാരുടെ ശുപാർശയോടുകൂടിയ നിശ്ചിത അപേക്ഷാഫോറത്തോടൊപ്പം രണ്ട് പാസ്സ്പോർട്ട് സൈസ് ഫോട്ടോയും റേഷൻ കാർഡ്, വികലാംഗ സർട്ടിക്കിഫിക്കറ്റ് എന്നിവകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കേണ്ടതാണ്.

<u>നിബന്ധനകൾ</u>

- ❖ കേരളത്തിൽ സ്ഥിരതാമസക്കാരനായിരിക്കണം.
- ❖ 40% -മോ അതിന് മുകളിലോ ഭിന്നശേഷിത്വം ഉണ്ടായിരിക്കണം.
- ❖ വാർഷിക വരുമാനം 1,00,000/-രൂപ വരെ (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ്)
- ❖ സഹായോപകരണങ്ങൾ മൂന്ന് വർഷത്തിലൊരിക്കൽ മാത്രം. (12 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് വർഷത്തിലൊരിക്കൽ )

2. **വൈകല്യമുള്ളവർക്ക് മോട്ടോറൈസ്ഡ് വാഹനങ്ങളുടെ വിതരണം**

താഴെ · പറയുന്ന നിബന്ധനകൾക്കു വിധേയമായി സൈഡ്വീൽ ഘടിപ്പിച്ച മോട്ടോറൈസ്ഡ് സ്ക്കൂട്ടർ ഗുണഭോക്താക്കൾക്ക് നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

- ❖ 18 വയസ്സിന് മുകളിൽ പ്രായം,
- ❖ 40-ഉം അതിന് മുകളിലും ശതമാനമുള്ള ലോക്കോമോട്ടോർ ഡിസബിലിറ്റി,
- ❖ ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- ❖ സർക്കാർ ഉദ്യോഗം ഇല്ലാതിരിക്കുക എന്നിവ അടിസ്ഥാന യോഗ്യത (Eligibility criteria) ആയിരിക്കും.

- ലോക്കോമോട്ടോർ ഡിസബിലിറ്റി ഉള്ളവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പ് വരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു വൈകല്യമുള്ളവരേയും ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല.
- Eligibility criteria meet ചെയ്യുന്ന വനിതകൾക്കും, എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്കും ഏറ്റവും പ്രഥമ പരിഗണന. (എസ്.സി. വിഭാഗത്തിനായി പ്രത്യേക പദ്ധതി ഉണ്ട്)

3. **മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി**

മോട്ടോറൈസ്ഡ് ട്രൈസൈക്കിൾ വാങ്ങി സൈഡ് വീൽ ഘടിപ്പിക്കുന്നതിനായി ഭിന്നശേഷിത്വമുള്ള വിദ്യാർത്ഥികൾക്കും വിദ്യാർത്ഥികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന വർക്കും കോർപ്പറേഷൻ 15,000/- രൂപ വരെ സബ്സിഡിയായി നൽകുന്നു. (ബിൽ തുകയോ അല്ലെങ്കിൽ മാക്സിമം 15000/- രൂപ ) നിശ്ചിത അപേക്ഷാഫാറത്തോടൊപ്പം സ്ക്കൂട്ടർ വാങ്ങി സൈഡ് വീൽ ഫിറ്റു ചെയ്ത ബിൽ, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് 40% മോ അതിൽ കൂടുതലോ വൈകല്യമുണ്ടെന്നുള്ള മെഡിയ്ക്കൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ കോപ്പി, വാഹനം ഇൻഷൂർ ചെയ്ത സർട്ടിഫിക്കറ്റിന്റെ കോപ്പി, വാഹനത്തിന്റെ നമ്പർ കാണത്തക്കവിധം അപേക്ഷകൻ ഇരുന്നെടുത്ത ഫോട്ടോ, ലൈസൻസ്/ലേണേഴ്സ് ലൈസൻസ് വില്ലേജാഫീസർ നൽകുന്ന വരുമാന സർട്ടിക്കിഫിക്കറ്റ് എന്നിവ ഒരു ഗസറ്റഡ് ഓഫീസറെകൊണ്ട് സാക്ഷ്യപ്പെടുത്തി നൽകേ ണ്ടതാണ്.

II. <u>ആശ്വാസം പദ്ധതി</u>

1. സ്വയം തൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി),സ്വയം സഹായ സംഘങ്ങൾക്കുള്ള സഹായം.

സ്വയം തൊഴിൽ ~~പദ്ധതിയിൻ കീഴിൽ വിവിധ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിത്വമുള്ള~~ കോർപ്പറേഷൻ സംസ്ഥാനത്തെ വിവിധ വാണിജ്യ ബാങ്കുകളിലൂടെ വായ്പ ലഭ്യമാക്കി വരുന്നു. ഈ പദ്ധതിക്ക് കോർപ്പറേഷൻ സബ്സിഡി നൽകുന്നതാണ്. ജി.ഒ.(ആർറ്റി) നമ്പർ: 44/12/എസ്ഡബ്ളിയുഡി തീയതി 23-01-2012 പ്രകാരം ലോൺ തുക 20,000/- രൂപവരെ ലോൺ തുകയുടെ 50% (പരമാവധി 5000/- രൂപ) സബ്സിഡിയായും ലോൺ തുക 20,001/- മുതൽ 50,000/- രൂപവരെ ലോൺ തുകയുടെ 30% സബ്സിഡിയായും ലോൺ തുക 50,001/- മുതൽ 1,00,000/- രൂപവരെ ലോൺ തുകയുടെ 25% (മിനിമം 15,000/- രൂപ) സബ്സിഡിയായും, ലോൺ തുക ഒരു ലക്ഷം രൂപയ്ക്കു മുകളിൽ ലോൺ തുകയുടെ 20% (മാക്സിമം ഒരു ലക്ഷം രൂപവരെ) സബ്സിഡിയായും നൽകുന്നു. ഇതിലേയ്ക്കായി കോർപ്പറേഷൻ, അപേക്ഷകനാവശ്യപ്പെടുന്ന സർവ്വീസ് ഏരിയാ ബാങ്കിലേയ്ക്ക് അപേക്ഷകൾ ശുപാർശ ചെയ്യുന്നു. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷാഫാറത്തോടൊപ്പം 40% മുകളിൽ ഭിന്നശേഷിത്വം തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ കോപ്പി, റേഷൻ കാർഡിന്റെ 1,2 പേജുകളുടെ ഫോട്ടോ കോപ്പി, (ഗസറ്റഡ് ഓഫീസർ അറ്റസ്റ്റ് ചെയ്ത്) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

2. **ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റ് മാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)**

കേരള സ്റ്റേറ്റ് ലോട്ടറി ഡിപ്പാർട്ട്മെന്റുമായി ചേർന്ന് ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്ക് ,വേണ്ടി കോർപ്പറേഷൻ ഒരു പ്രത്യേക പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ പദ്ധതിക്ക് കീഴിൽ, ലോട്ടറി ടിക്കറ്റുകളുടെ വില്പനയ്ക്ക് വേണ്ടി, സംസ്ഥാനത്തുട നീളം 40% മോ അതിൽ കൂടുതലോ ഭിന്നശേഷിത്വമുള്ളവർക്ക് ഏജൻസികൾ സ്ഥാപിക്കാൻ സാമ്പത്തിക സഹായം 5000/- രൂപ വീതം 5 വർഷത്തിലൊരിക്കൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലേയ്ക്കായി താഴെപറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്. പൂർണ്ണമായി പൂരിപ്പിച്ച അപേക്ഷയോടൊപ്പം 40% മോ അതിൽ കൂടുതലോ ഭിന്നശേഷിത്വം തെളിയിക്കുന്ന മെഡിയ്ക്കൽ ബോർഡ് സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ 1,2 പേജ്, വരുമാന സർട്ടിഫിക്കറ്റ്, ലോട്ടറി ഏജൻസി ലൈസൻസ് (സ്വയം സാക്ഷ്യപ്പെടുത്തിയത്), പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഹാജരാക്കേണ്ടതാണ്.

3. **എൻ.എച്ച്.എഫ്.ഡി.സി വായ്പയുടെ കോർപ്പറേഷന്റെ വിഹിതം, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങൾക്ക് എൻ.എച്ച്.എഫ്.ഡി.സി ലോണിനായുള്ള സബ്സിഡി**

എ. സ്വയംതൊഴിൽ വായ്പയുടെ തിരിച്ചടവ് കാലാവധി കഴിഞ്ഞ 100000 രൂപക്ക് താഴെ വരുമാനമുള്ള ഗുണഭോക്താക്കൾക്ക് ഒറ്റത്തവണ തീർപ്പാക്കലിലൂടെ 25000/- രൂപ പിഴ പലിശ /പലിശ എന്നിവ ഒഴിവാക്കുന്നു..

ബി. മരണപ്പെട്ട ഗുണഭോക്താക്കളുടെ വായ്പാ പൂർണ്ണമായും എഴുതിതള്ളുന്നു.

സി. ലോൺ തുക 500000/- മോ, അതിൽ താഴെയോ ഉള്ള മൂന്ന് മാസത്തിൽ കൂടുതൽ കുടിശ്ശികയില്ലാതെ തിരിച്ചടവ് നടത്തിയിട്ടുള്ള ഒരു ലക്ഷം രൂപക്ക് താഴെ വരുമാനമുള്ള ഗുണഭോക്താക്കൾക്ക് ലോൺ തുകയുടെ 20 ശതമാനം സബ്സിഡിയി അനുവദിച്ചു വരുന്നു: ( തിരിച്ചടവ് കാലാവധി നാല് വർഷം കഴിഞ്ഞിരിക്കുകയും, 5 വർഷം കഴിയാനും പാടില്ല)

**III. ഹസ്തദാനം പദ്ധതി**

- **ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്**

40 ശതമാനമോ അതിന് മുകളിലോ ഭിന്നശേഷിത്വമുള്ളവരും വാർഷിക വരുമാനം ഒരു ലക്ഷംരൂപയിൽ കൂടാത്തവരുമായ ഭിന്നശേഷിക്കാർക്ക് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ബി ഗ്രേഡോ അതിന് മുകളിലോ വാങ്ങി പാസായ വിദ്യാർത്ഥികൾക്ക് 5000/- രൂപ വീതം ക്യാഷ് അവാർഡ് നൽകുന്നു. (MR വിഭാഗത്തിന് മാർക്ക് നിബന്ധനയില്ല).

❖ **ഗുരുതരമായ വൈകല്യമുള്ള കുട്ടികൾക്ക് വേണ്ടി സ്ഥിര നിക്ഷേപ പദ്ധതി**

സർക്കാർ ഉത്തരവ് ജി.ഒ.(ആർറ്റി) നമ്പർ 346/2012/എസ്ഡബ്ളിയൂഡി തീയതി 30-07-2012 ഗുരുതര ഭിന്നശേഷിയുള്ള കുട്ടികളുടെ പേരിൽ ഒരു നിശ്ചിത തുക നിക്ഷേപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാനഘടകങ്ങൾ ഇവയാണ്.

എ) ആൺകുട്ടികൾക്കും പെൺകുട്ടിക്കും 20,000/- രൂപ

ബി) യോഗ്യത :

1. ജന്മനാ 50 ശതമാനമോ അതിൽ കൂടുതലോ വൈകല്യമുള്ളവർ.
2. പ്രതിവർഷ കുടുംബ വരുമാനം 1,00,000 രൂപയിൽ താഴെ
3. പ്രായ പരിധി : നവജാതശിശു മുതൽ 12 വയസ് വരെ.

സി) ട്രസ്റ്റി : കോർപ്പറേഷൻ

ഡി) ഫണ്ട് റിലീസ് : 18 വയസിന് ശേഷമോ, അത്യാവശ്യ ഘട്ടങ്ങളിലോ.

❖ **<u>സ്റ്റേറ്റ് റിസോഴ്സ് സെന്റർ</u>**

ഭിന്നശേഷിക്കാർക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ഉപകരണങ്ങളാണ് വിപണിയിൽ വരുന്നത്. എന്നാൽ ഈ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗിക്കുന്നതിന് പലർക്കും അറിവില്ല. ഉപകരണങ്ങളുടെ ഉപയോഗരീതിയെപ്പറ്റി വികലാംഗരെ ബോദ്ധ്യപ്പെടുത്തുന്നതിനായി സൗഹൃദ സാങ്കേതിക പ്രദർശനവും പരിശീലനവും വികലാംഗക്ഷേമ കോർപ്പറേഷൻ നടത്തി വരുന്നു.

**IV. <u>ഒപ്പം പദ്ധതി</u>**

❖ **പാറശ്ശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം**

50 വയസ്സിന് മുകളിൽ പ്രായമുള്ള കിടപ്പ് രോഗികളല്ലാത്ത ഭിന്നശേഷിക്കാരായ വയോജനങ്ങളെ താമസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 'സാഫല്യം' എന്ന പേരിൽ ഒരു പരിചരണകേന്ദ്രം തിരുവനന്തപുരം ജില്ലാ പഞ്ചായത്തും വികലാംഗക്ഷേമ കോർപ്പറേഷനും സത്യസായി ട്രസ്റ്റും സംയുക്തമായി പാറശ്ശാലയിൽ നടത്തി വരുന്നു.

അനുബന്ധം III

**അനുയാത്ര പ്രവർത്തനങ്ങൾ**

അംഗപരിമിതർക്ക് വ്യത്യസ്ത സേവനങ്ങൾ ലഭ്യമാക്കുന്നതിനും, സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനും വേണ്ടി വിവിധ പരിപാടികൾ അനുയാത്രയുടെ ഭാഗമായി നടപ്പാക്കി വരികയാണ്. അംഗപരിമിത മേഖലയിൽ ഏറ്റെടുക്കേണ്ട പ്രാഥമിക പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ സുസ്ഥിരമായ പുനരധിവാസം വരെയുള്ള **"സമഗ്ര ജീവിത ചക്ര സമീപനമാണ്"** അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ച്ചപ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര നടപ്പാക്കുന്നത്.

1. **അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതിനായുള്ള വൈകല്യങ്ങൾക്ക് കാരണമാവുന്ന അവസ്ഥകളെ സംബന്ധിച്ചും, വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളായ (Determinants of Disability) അനീമിയ, ചെറിയ പ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാവുന്ന ഗർഭധാരണം, Consanguinity തുടങ്ങിയവയെ സംബന്ധിച്ചുള്ള വിദ്യാഭ്യാസ പരിപാടികൾ, ഗർഭാവസ്ഥയിൽ അംഗപരിമിത സംബന്ധിച്ച സ്ക്രീനിംഗ്, കുഞ്ഞ് ജനിച്ചയുടൻ നടത്തുന്ന സ്ക്രീനിംഗ് തുടങ്ങിയ നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ അനുയാത്രയുടെ ഭാഗമായി ആരംഭിക്കും.

വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ, വാക്സിൻ സൗജന്യമായി നൽകുന്നു.

2 **ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും, റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്. ഇതിനുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13 ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനിയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. 9 ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

3. **റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ**

സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) കോളേജുകളിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരഭിച്ചിട്ടുണ്ട്.

4. **നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം**

പൂർണ്ണമായ സൗകര്യങ്ങളോടുകൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കാനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

5. **മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ

ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

6. **കാതോരം**

കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായ സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും. കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കും. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കും. 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നു. കോക്ലിയാർ ഇംപ്ലാന്റേഷനുശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾ NISH, NIPMR, മെഡിക്കൽ കോളേജുകൾ എന്നിവയിലൂടെ ലഭ്യമാക്കി കുഞ്ഞുങ്ങളുടെ ശ്രവണ വൈകല്യം ഒഴിവാക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

7. **പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ**

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും, മാനന്തവാടി താലൂക്ക് ആശുപത്രിയിലും ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

8. **ഹെൽപ്പ് ഡെസ്ക്**

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിച്ചുവരുന്നു. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഈ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലൂടെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പറിലൂടെ സേവനം ലഭ്യമാണ്.

9. **പ്രോജക്ട് ഓട്ടിസം**

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും, തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ സ്ഥാപിക്കുന്നതാണ്.

10. **സ്പെഷ്യൽ അങ്കണവാടികൾ**

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടു കൂടിയ സ്പെഷ്യൽ അങ്കണവാടികൾ കോഴിക്കോട് ജില്ലയിൽ പ്രവർത്തിച്ചു വരുന്നു.

11. **മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)**

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28000 ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്നാണ് കണക്ക്. 1000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇവ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരിഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC കൾ ആരംഭിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**12. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം.**

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (UniqueID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമായി നടന്നുവരുന്നു.

**13. Student Initiative in Community Rehabilitation**

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി **Student Initiativein Community Rehabilitation** എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെ ഒരു പദ്ധതിക്ക് ഈഅംഗീകാരം ലഭിച്ചിട്ടു ണ്ട്. ഈ പദ്ധതി ഇപ്പോൾ ആലപ്പുഴ മെഡിക്കൽ കോളേജിൽ ആരംഭിച്ചിട്ടുണ്ട്.

**14. വ്യക്തിഗത പരിപാലന പ്ലാൻ**

അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുന്നതിനും (Individual Care Plan) അതനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായ പ്രവർനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനാവശ്യമായ വിവരശേഖരണം നടന്നുവരുന്നു.

**15. ദേശീയ ശില്പശാല**

അംഗപരിമിത മേഖലയിൽ ദേശീയ തലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും ദേശീയ തലത്തിലുള്ള വിദഗ്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ നടപ്പാക്കേണ്ട നൂതന ഇടപെടലുകൾ കണ്ടെത്തുന്നതിനുമായി ഒരു ദേശീയ ശില്പശാല സംഘടിപ്പിക്കുന്നതാണ്.

**16. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ – എം.പവർ**

അനുയാത്രാ പദ്ധതിയുടെ പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽകരണ പരിപാടികൾ, എന്നിവ നടപ്പാക്കും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് **എം.പവർ** എന്ന പേരിൽ നടപ്പാക്കിയ പദ്ധതിയലൂടെ മാജിക് പരിശീലനം നൽകി ഇവരെ അനുയാത്രാ പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors ) ബഹു. ഇൻഡ്യൻ ഉപരാഷ്ട്രപതി 2017 ജൂൺ 12 ന് പ്രഖ്യാപിച്ചിട്ടുണ്ട്. മാജിക് അക്കാദമിയാണ് ഇവർക്ക് പരിശീലനം നൽകിയത്.

**17. പരിക്കുകൾ മൂലം ഉണ്ടാവുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ (Injury Related Disability Prevention and Management)**

നമ്മുടെ സംസ്ഥാനത്ത് 47 % ദീർഘകാല അംഗപരിമിതികളും വിവിധതരം അപകടങ്ങൾ, വീഴ്ചകൾ തുട ങ്ങിയവ മൂലമുണ്ടാകുന്ന പരിക്കുകൾ കാരണമാണ് സംഭവിക്കുന്നത്. സമയബന്ധിതമായി അനുയോജ്യ മായ ശാസ്ത്രീയ പരിചരണങ്ങൾ ശ്രദ്ധാപൂർവ്വം നൽകുന്നതിലൂടെ (ട്രോമാ കെയർ) ഈ അവസ്ഥ ഒരു വലിയ അളവിൽ കുറയ്ക്കാൻ കഴിയും. സംസ്ഥാനത്താകമാനം ഈ സേവനം ലഭ്യമാക്കുന്നതിനായി ഒരു ട്രോമാ കെയർ സംവിധാനം അനുയാത്രയുടെ ഭാഗമായി ആരംഭിക്കുന്നതാണ്. ആൾ ഇൻഡ്യാ ഇൻസ്റ്റി റ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിന്റെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഡോക്ടർമാരും നേഴ്സുമാരും അടങ്ങുന്ന ടീമുകൾക്ക് പ്രായോഗിക പരിശീലനം നൽകിയിട്ടുണ്ട്. .

18. **അനുയാത്ര– വി കെയർ ഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ്**

അംഗപരിമിതികളോടും അംഗപരിമിതരോടും ഉള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ദൃശ്യമാദ്ധ്യമങ്ങൾക്ക് വളരെയേറെ സ്വാധീനം ചെലുത്താൻ കഴിയും. കൂടാതെ അംഗപരിമിതിയുള്ളവർ ആർജ്ജിച്ച നേട്ടങ്ങൾ കാണാൻ അവസരങ്ങൾ ഉണ്ടാക്കുന്നതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഇവരെ പ്രേരിപ്പിക്കുകയും ചെയ്യും. ദൃശ്യമാദ്ധ്യമങ്ങൾ പ്രത്യേകിച്ചും സിനിമ ഇക്കാര്യത്തിൽ ഒരു നിർണായ സ്വാധീനം ചെലുത്തുന്നുണ്ട്. ഇത്തരം ആശയങ്ങൾ പ്രതിഫലിക്കുന്ന ഒട്ടനവധി സിനിമകളും ഹ്രസ്വ ചിത്രങ്ങളും ദേശീയ അന്തർദേശീയ തലത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഡൽഹിയിലുള്ള വി കെയർ എന്ന സംഘടന ഇത്തരം ചിത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരം സിനിമകൾ സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനായി ഒരു ഫിലിംഫെസ്റ്റിവെൽ അനുയാത്രയുടെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്. കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ഇന്റർ യൂണിവേഴ്സ്റ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും ആയി സഹകരിച്ച് **"അനുയാത്ര– വികെയർഫിലിം ഫെസ്റ്റിവെൽ ഓൺ ഡിസെബിലിറ്റീസ് "** എന്ന പേരിൽ ഒരു ഫിലിം ഫെസ്റ്റിവെൽ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

19. **പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്**

ചലനവൈകല്യങ്ങൾ ഉള്ളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ് തൃശൂരിലെ NIPMR ൽ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

20. **ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ**

സംസാര ഭാഷാ വൈകല്യങ്ങൾ ഉള്ളവർക്ക് സേവനങ്ങൾ നൽകുന്നതിനും, കോക്ലിയാർ ഇംപ്ലാന്റ് ചെയ്യുന്ന കുട്ടികൾക്ക് സർജറിക്ക് മുൻപും, ശേഷവും ഹാബിലിറ്റേഷൻ തെറാപ്പികൾ നൽകുന്നതിനും ആയി ആധുനിക സൗകര്യങ്ങളോട് കൂടി ഒരു ആഡിറ്ററി വെർബൽ തെറാപ്പി സെന്റർ കോഴിക്കോട് മെഡിക്കൽ കോളേജിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

21. **വിർച്വൽ റീഹാബിലിറ്റേഷൻ യൂണീറ്റുകൾ**

കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി അംഗപരിമിതമായ കുട്ടികൾക്ക് ആധുനിക തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളിലും, ഓട്ടിസം സെന്ററുകളിലും വിർച്വൽ റീഹാബിലിറ്റേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. യൂണിറ്റുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

22. **ഹോർട്ടികൾച്ചർ തെറാപ്പി**

അംഗപരിമിതരായ കുട്ടികൾക്ക് ഹോർട്ടികൾച്ചർ പ്രവർത്തന പരിശീലനത്തിലൂടെ തെറാപ്പി സൗകര്യം ലഭ്യമാക്കുന്നതിനായി കാർഷിക യൂണിവേഴ്സിറ്റിയുമായി സഹകരിച്ച് കുട്ടികൾക്ക് ഹോർട്ടികൾച്ചർ തെറാപ്പി നൽകി വരുന്നു.

23. **ഓട്ടിസം റീഹാബിലിറ്റേഷൻ & റിസർച്ച് സെന്ററുകൾ**

ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവുമായ തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും, ഈ രംഗത്ത് പഠനഗവേഷണങ്ങൾ നടത്തുന്നതിനായി ഇരിങ്ങാലക്കുട NIPMR-ൽ ഓട്ടിസം റീഹാബിലിറ്റേഷൻ & റിസർച്ച് സെന്റർ സ്ഥാപിക്കുന്നതാണ്.

24. **ഓർഗനൈസ്ഡ് നെറ്റ് വർക്ക് ഫോർ ഏർളി ഇന്റർവെൻഷൻ ഇൻ ഡിസബിലിറ്റീസ്.**

അംഗപരിമിത മേഖലയിൽ ഊർജ്ജിതമായ IEC പ്രവർത്തനങ്ങൾ, അംഗപരിമിത സ്ക്രീനിംങ്ങുകൾക്കാവശ്യമായ ഉപകരണങ്ങൾ, ലഭ്യമാക്കി സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ് ശാക്തീകരിക്കൽ, കുട്ടികളിലെ അന്ധത നേരെത്തെ കണ്ടുപിടിക്കാനായി ജില്ലാതലത്തിൽ സൗകര്യങ്ങൾ, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾക്ക് ഉപകരണങ്ങൾ ലഭ്യമാക്കാൻ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളുടെ ശാക്തീകരണം എന്നിവ നടപ്പാക്കാനുള്ള സമഗ്രപദ്ധതിക്ക് 2018-19-ൽ ഭരണാനുമതി ലഭിക്കുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

25.സ്പെക്ട്രം

ഓട്ടിസം ഉള്ള കുട്ടികൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ എന്നിവർക്ക് ആധുനിക തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുക, നിലവിലുള്ള ഓട്ടിസം സെന്ററുകളുടെ ശാക്തീകരണം ഓട്ടിസം മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് പരിശീലനം, മാനസിക വെല്ലുവിളി കൾ, ഓട്ടിസം തുടങ്ങിയവയുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് പരിശീലനം, ഓട്ടിസം കുട്ടികൾക്ക് തൊഴിൽ വൈദഗ്ധ്യ പരിശീലനം, ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തൽ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രപദ്ധതിയായ 'സ്പെക്ട്ര'ത്തിന് 2018-19-ൽ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.